ഓപ്പൺ സ്ട്രീറ്റ് മാപ്പ് - മാപ്പിങ്ങ് പാർട്ടി
------------------------------------------------

ചാത്തമംഗലം, 2009 ഒക്ടോ 24: കേരളത്തിലെ പ്രഥമ "ഓപ്പൺ സ്ട്രീറ്റ് മാപ്പ് - മാപ്പിങ്ങ് പാർട്ടി" കോഴിക്കോട്ട് എൻ.ഐ.ടിയിൽ സമാപിച്ചു. ജനകീയ പങ്കാളിത്തത്തോടെ ലോകത്തിന്റെ മുക്കും മൂലയും ഉൾക്കൊള്ളുന്ന വിശദമായ ഭൂപടം സൃഷ്ടിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിയ്ക്കുന്ന കൂട്ടായ്മയാണ് ഓപ്പൻ സ്ട്രീറ്റ് മാപ്പ് (www.openstreetmap.org). അമേരിയ്ക്കൻ ഐക്യനാടുകളിലെ സാൻഫ്രാൻസിസ്കോ നിവാസിയായ സ്റ്റീവ് കോസ്റ്റ് 2004 ജൂലൈ മാസത്തിലാണ് ഈ സംരംഭം തുടങ്ങിയത്. ജി.പി.എസു് ഉപകരണങ്ങളും മറ്റും ഉപയോഗിച്ച് പൊതുവഴികളും, കെട്ടിടങ്ങളും, മറ്റ് നിർമ്മിതികളും അടയാളപ്പെടുത്തിയാണ് ഈ സംരംഭത്തിൽ പങ്കാളികളാകുന്നത്. പല പ്രമുഖ കമ്പനികളും, സംഘടനകളും ഓപ്പൺ സ്ട്രീറ്റ് മാപ്പിലെ സൌകര്യങ്ങൾ ഉപയോഗിച്ചു വരുന്നുണ്ട്. ഉദാഹരണത്തിന്, ഇന്റർനെറ്റ് വഴി ഫോട്ടോകൾ പങ്കുവെയ്ക്കാവുന്ന വെബ്ബ്സൈറ്റുകളിൽ മുൻനിരയിലുള്ള യാഹുവിന്റെ ഫ്ലിക്കറിൽ ഒരു പ്രദേശത്തിന്റെ ഭൂപടത്തിൽത്തന്നെ ആ പ്രദേശത്തു നിന്നെടുത്ത ഫോട്ടോകൾ കാണിയ്ക്കുവാനുള്ള സംവിധാനമുണ്ട്. 2008 ലെ ബീജിങ്ങ് ഒളിമ്പിക്സിന് തയ്യാറെടുക്കുന്ന സമയത്തു്, ഒളിമ്പിക്സ് നടക്കുന്ന വേദികളുടെ ഉപഗ്രഹചിത്രങ്ങൾ ലഭ്യമല്ലെന്ന് ഫ്ലിക്കറിന്റെ അണിയറപ്രവർത്തകർ അറിയാനിടയായി. ജനകീയ സംരംഭമായ ഓപ്പൺ സ്ട്രീറ്റ് മാപ്പാണ് ആണ് അന്ന് അവരുടെ രക്ഷയ്ക്കെത്തിയത്. അന്നു മുതൽ മറ്റ് പല സ്ഥലങ്ങളുടെയും ഭൂപടത്തിന്നായി ഓപ്പൺ സ്ട്രീറ്റ് മാപ്പിനെയാണ് അവർ ആശ്രയിയ്ക്കുന്നത്.

ഓപ്പൺമോക്കോയുടെ നിയോ ഫ്രീറണ്ണർ (ഇലക്ട്രോണിക് സർക്യൂട്ടുകൾ എല്ലാവർക്കും ഉപയോഗിയ്ക്കാവുന്ന തരത്തിൽ പ്രസിദ്ധീകരിച്ച സ്വതന്ത്ര ഹാർഡ്‌വെയർ), നോക്കിയ എൻ, ഇ ശ്രേണികൾ, സാംസങ്ങ് ഗാലക്സി, എച്ച് .ടി. സി - ഡ്രീം, മാജിക് തുടങ്ങിയ മൊബൈൽ ഫോണുകളിൽ ഇതിനാവശ്യമായ ജി.പി.എസു് സംവിധാനം ലഭ്യമാണ്. സ്വതന്ത്ര വിജ്ഞാനശേഖരമായ വിക്കിപ്പീഡിയ പോലെ, താല്പര്യമുള്ള ഏവർക്കും തിരുത്താനും, മെച്ചപ്പെടുത്താനും, വിപുലീകരിയ്ക്കാനും പരിപൂർണ്ണ സ്വാതന്ത്ര്യമുള്ള ഒരു സംരംഭമാണിത്. ഗൂഗിൾ, യാഹു, മൈക്രോസോഫ്റ്റ് തുടങ്ങിയ ആഗോള വ്യാപാരഭീമന്മാർ കുത്തകയാക്കി വച്ചിരുന്ന ഡിജിറ്റൽ ഭൂപടവ്യവസായത്തെ ജനകീയവൽക്കരിയ്ക്കുവാനുള്ള ആഗോള പ്രതിരോധ പദ്ധതി കൂടിയാണിത്. അറിവിന്റെ ഉടമസ്ഥാവകാശം കുത്തകകളിൽ നിന്നും പിടിച്ചെടുത്തു കൊണ്ടു് ജനകീയ തലത്തിൽ നിലനിർത്താനുദ്ദേശിച്ചു കൊണ്ടുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിൽ നിന്നും ആവേശമുൾക്കൊണ്ട് ലണ്ടൻ നഗരത്തിൽ നിന്നും തുടങ്ങി ലോകമെമ്പാടും പ്രചുരപ്രചാരം നേടിക്കൊണ്ടിരിയ്ക്കുന്ന ഈ പദ്ധതിയുടെ പ്രാദേശിക വിഭവ സമാഹരണ യജ്ഞങ്ങളാണ് മാപ്പിങ്ങ് പാർട്ടികൾ.

ഈ പരിപാടിയുടെ ഭാഗമായി 250 ഏക്ര വരുന്ന എൻ. ഐ. ടി. ക്യാമ്പസു് കോഴിക്കോട്ട് സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂട്ടായ്മ (www.fsugcalicut.org), ജിയോഹാക്കേഴ്സ് (www.geohackers.in), തത്വ ടീം (www.tathva.org) എന്നിവയുടെ നേതൃത്വത്തിൽ മാപ്പിങ്ങ് നടത്തി. കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നെത്തിയ യുവഭൂപടനിർമ്മാതാക്കൾ നാലും അഞ്ചും വരുന്ന സംഘങ്ങളായി പിരിഞ്ഞു് ക്യാമ്പസ്സിന്റെ വിവിധ ഭാഗങ്ങളിലെ വിവരങ്ങൾ ശേഖരിച്ചു. രണ്ട് ദിവസത്തെ അക്ഷീണപ്രവർത്തനത്തിന്റെ ഫലമായി എൻ. ഐ. ടി. ക്യാമ്പസ്സിലെ റോഡുകൾ, ആശുപത്രി, ബി. എസ്സ്. എൻ. എൽ. ടെലഫോൺ എക്സ്ചേഞ്ച്, കെ. എസ്സ്. ഇ. ബി. സബ്ബ് സ്റ്റേഷൻ, എ. ടി. എമ്മുകൾ, ലൈബ്രറി, തുടങ്ങി ഹോട്ടലുകളും പെട്ടിക്കടകളും വരെ ഓപ്പൺ സ്ട്രീറ്റ് മാപ്പിൽ ഇപ്പോൾ ലഭ്യമാണ്. പ്രസ്തുത പരിപാടിയുടെ അനുരണനങ്ങൾ കേരളത്തിലെ വ്യത്യസ്ത ജില്ലകളിൽ വരും നാളുകളിൽ പ്രതീക്ഷിയ്ക്കാവുന്നതാണ്. വിശദവിവരങ്ങൾക്കും തുടർസംരംഭങ്ങളിൽ പങ്കുചേരാനും www.geohackers.in സന്ദർശിയ്ക്കുക.

സജ്ജാദ്ദ് (geohackers) : 9995191312
ജംഷീദ്ദ് (fsug calicut) : 9349101566